പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1794 05.02.2019-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.ക്ക് ലഭിക്കുന്ന ഡീസൽ**

ചോദ്യം

ശ്രീ.സണ്ണി ജോസഫ്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ കർണ്ണാടക ട്രാൻസ്പോർട്ട് കോർപ്പറേഷന് നൽകുന്ന നിരക്കിനെക്കാൾ കൂടിയ നിരക്കിലാണ് കെ.എസ്.ആർ.ടി.സി.ക്ക് ഡീസൽ നൽകുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതുമൂലം പ്രതിവർഷം എത്ര കോടി രൂപയുടെ അധിക ചെലവാണ് കെ.എസ്.ആർ.ടി.സി.ക്കുണ്ടാകുന്നതെന്ന് വിശദമാക്കുമോ; | (ബി) | ഏതാണ്ട് 28 കോടി രൂപയുടെ വാർഷിക അധിക ചെലവ് ഉണ്ടാകുന്നുണ്ട്. |
| (സി) | ഡീസൽ നിരക്ക് കുറയ്ക്കണമെന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷനോട് കെ.എസ്.ആർ.ടി.സി രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ പ്രതികരണം എന്താണ് എന്നറിയിക്കാമോ? | (സി) | ഉണ്ട്. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ പ്രതിനിധികളുമായി കർണ്ണാടക റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നൽകുന്ന ഡിസ്കൗണ്ട് ലഭ്യമാകുന്നതിനുള്ള ചർച്ചകൾ നടത്തുകയും ഓയിൽ കമ്പനിക്ക് നൽകാനുള്ള കുടിശ്ശികയുമായി ബന്ധിപ്പിച്ച് കർണ്ണാടക കോർപ്പറേഷന് നൽകുന്നതിന് തുല്യമായ ഡിസ്കൗണ്ട് നൽകാമെന്ന് കമ്പനി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അന്തിമ തീരുമാനം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ